(സി) ഈ ബില്‍ അതേപടി ഉപേക്ഷിക്കണമെന്ന കാണിച്ചു് എത്ര മെമ്മോറാണ്ടങ്ങളാണു് കിട്ടിയിട്ടുണ്ടു്?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആര്‍. ഗൗരി) :

(എ) ബില്ലിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയയ്ക്കുവാനുള്ള അവസാനത്തീയതിവരെ 900 മെമ്മോറാണ്ടങ്ങളും കിട്ടിയിട്ടുണ്ടു്. അതിനു ശേഷവും പല ഡിപ്പാര്‍ട്ടുമെന്റുകളിലും പലപ്പോഴായി നിരവധി മെമ്മോറാണ്ടങ്ങളും ലഭിച്ചിട്ടുള്ളതിനാല്‍ ഒട്ടാകെ എത്ര മെമ്മോറാണ്ടങ്ങളും ലഭിച്ചു എന്നു് പറയുക സാദ്ധ്യമല്ല.

(ബി) എല്ലാ മെമ്മോറാണ്ടങ്ങളിലും ബില്ലിനെക്കുറിച്ചു് അഭിപ്രായങ്ങളും പ്രകടിപ്പിക്കുകയും ഭേദഗതികളും നിര്‍ദ്ദേശിക്കുകയും ചെയ്തിരിക്കുന്നതിനാല്‍ ബില്ലിനെ അനുകൂലിക്കുന്നതെന്നും പ്രതികൂലിക്കുന്നതെന്നും വ്യക്തമായി അവയെ തരം തിരിക്കുക സാദ്ധ്യമല്ല.

(സി) മുകളില്‍പ്പറഞ്ഞ 900 മെമ്മോറാണ്ടങ്ങളില്‍ 107 എണ്ണം ബില്ലു് അതേപടി ഉപേക്ഷിക്കണമെന്നു കാണിച്ചുള്ളതായിരുന്നു.

ജനികുതി പിരിക്കല്‍.

* 1322. [49] ശ്രീ. കെ. മൊയ്തീന്‍കുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) 31-3-1959-ല്‍ അവസാനിക്കുന്ന കൊല്ലത്തെ ജനികുതി ഈ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും പൂര്‍ണ്ണമായി പിരിഞ്ഞുകിട്ടിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കില്‍ ഏതെല്ലാം ജില്ലകളില്‍നിന്നു് എത്ര; എത്ര സംഖ്യ ബാക്കിയുണ്ടു് ;

(സി) കോഴിക്കോട്ടു ജില്ലയില്‍ ഏതു താലൂക്കില്‍നിന്നാണു് സമയത്തിനു മുന്‍പു് നികുതി പിരിവു് പൂര്‍ത്തിയായിട്ടുള്ളതു് ;

(ഡി) ഇങ്ങനെ പിരിവുകാര്യത്തില്‍ ശ്രദ്ധാന്തി കാണിച്ചു് മുന്‍പന്തിയില്‍ നില്ക്കുന്ന താലൂക്കു് താസില്‍ദാര്‍മാര്‍ക്കു് പ്രത്യേകമായ വല്ല പ്രോത്സാഹനങ്ങളും നല്‍കാറുണ്ടോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആര്‍. ഗൗരി) :

(എ) കോഴിക്കോട്ടു ജില്ലയില്‍ ബേസിക് ടാക്സ് പൂര്‍ണ്ണമായി പിരിച്ചു. ശേഷം എട്ടു ജില്ലകളിലും ബാക്കി പിരിക്കാനുണ്ടു്.

		രൂപ.	ന. പ.
(ബി)	തിരുവനന്തപുരം	24,853	51
	കൊല്ലം	79,075	03
	ആലപ്പുഴ	38,735	17
	കോട്ടയം	1,14,515	81
	എറണാകുളം	42,989	52
	തൃശ്ശൂര്‍	6,352	65
	പാലക്കാടു്	435	88
	കണ്ണൂര്‍	5,280	96

(സി) കോഴിക്കോട്ടു ജില്ലയിലെ എല്ലാ താലൂക്കുകളില്‍നിന്നും സമയത്തിനു മുന്‍പു് നികുതിപിരിവു് പൂര്‍ത്തിയായിട്ടുണ്ടു്.

(ഡി) ഉണ്ടു്. 1957-58 സാമ്പത്തികവര്‍ഷത്തില്‍ പിരിവുകാര്യത്തില്‍ ശ്രദ്ധാന്തി കാണിച്ച തഹശീല്‍ദാര്‍മാര്‍ക്കു് ഗവണ്മെന്റില്‍നിന്നു "Good Service Entry" നല്‍കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly